## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 16.09.2015-ലെ യോഗ നടപടിക്കുറിപ്പ്

യോഗം ഉച്ചയ്ക്ക് 12.15 ന് ബഹു. പഞ്ചായത്ത് വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. നഗരകാര്യ വകുപ്പുമന്ത്രിയും സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 16.09.2015-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 **1118** തദ്ദേശഭരണ സ്ഥാപനങ്ങൾ **661.71** കോടി രൂപ (**10.92** %) ചെലവഴിച്ച തായും ഇതിൽ **937** ഗ്രാമപഞ്ചായത്തുകൾ **384.03** കോടി രൂപയും (**12.08** %), **114** ബ്ലോക്ക് പഞ്ചായത്തുകൾ **70.71** കോടി രൂപയും **(9.66%), 13** ജില്ലാ പഞ്ചായത്തുകൾ **102.29** കോടി രൂപയും (**11.26**%), 49 മുനിസിപ്പാലിറ്റികൾ **68.75** കോടി രൂപയും, (**10.73**%), **5** കോർപ്പറേഷനുകൾ **39.46.** കോടി രൂപയും (**6.41** %), ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു.

2.2 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് ഭേദഗതി ചെയ്യാൻ 2015 സെപ്റ്റംബർ 30 വരെ അനുമതി നൽകി തീരുമാനിച്ചു.

2.3 തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമർപ്പിച്ച സേഫ് കേരള പ്രോജക്ട് (Safe and Animal Friendly environment Project) പദ്ധതി അംഗീകരിച്ചു. ഇതനുസരിച്ച് ഒരു തെരുവുനായയെ പിടിച്ച് വന്ധീകരണം നടത്തി തിരികെ കൊണ്ടു വിടുന്നതിന് 250 രൂപ പ്രതിഫലവും, അതോടൊപ്പം വളർത്തുനായ്ക്കളെ വന്ധീകരണത്തിന് എത്തിക്കുന്ന വീട്ടുടമയ്ക്ക് 250 രൂപയും ഇൻസെന്റീവ് നൽകാൻ നിർദ്ദേശിച്ചു. വിശദമായ നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിക്കുന്നതാണ്.

2.4 കുടുംബശ്രീ ബാലസഭയുടെ ഇംപ്ലിമെന്റിംഗ് ഓഫീസറായി അസിസ്റ്റന്റ് സെക്രട്ടറി മാരെ ചുമതലപ്പെടുത്തി. എല്ലാ വർഷവും കുട്ടികളുടെ ഗ്രാമസഭ ചേരുന്നതിനുള്ള നിയന്ത്രണവും ഇവരിൽ നിക്ഷിപ്തമായിരിക്കും

2.5 കുടംബശ്രീയിലെ പ്രാപ്തരായ പരിശീലകരെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ മറ്റ് പരിശീലന പരിപാടികളിൽ പങ്കാളികളാക്കുന്നതിന് പരിഗണിക്കണമെന്ന നിർദ്ദേശം അക്രഡിറ്റേഷൻ കമ്മിറ്റിയുടെ അംഗീകാരത്തിനായി നൽകാൻ തീരുമാനിച്ചു.

3 **പ്രത്യേക വിഷയങ്ങൾ**

**3.1 ആലുവ മുനിസിപ്പാലിറ്റി (ഫയൽ നം. 432/എഫ്.എം.2/15/തസ്വഭവ)**

M/s Atkins International Ltd. തയ്യാറാക്കിയ വികസനരേഖ 2015 ആഗസ്റ്റ് 10ന് കൈമാറ്റം ചെയ്ത ചടങ്ങിന്റെ ചെലവിലേയ്ക്ക് ആവശ്യമായ തുക തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കാൻ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 കരിമ്പുഴ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 406/ഡി.എ2/15/തസ്വഭവ)**

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഐ.റ്റി.ഐ.യ്ക്ക് ആവശ്യമായ ബഞ്ചും, ഡസ്ക്കും, ബ്ലാക്ക് ബോർഡും ഉൾപ്പെടെ 7.50 ലക്ഷം രൂപയ്ക്കുള്ള ഫർണിച്ചർ വാങ്ങാൻ തനത് ഫണ്ടിൽ നിന്നും അനുവദിച്ച് തീരുമാനിച്ചു.

ഐ.റ്റി.ഐ. തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറിക്കിട്ടാത്ത സ്ഥാപനമായതിനാൽ അടിയന്തിരമായി കൈമാറിക്കിട്ടുന്നതിന് തൊഴിൽ വകുപ്പുമായി കത്തിടപാട് നടത്തുവാൻ തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 അഴുത ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 60/ഡി.ബി.3/15/)**

വഞ്ചിവയൽ പട്ടികവർഗ കോളനിയിലെ കുട്ടികൾക്ക് സ്ക്കൂളിലേയ്ക്ക് പോകുന്നതിനായി മിനി ബസ് വാങ്ങി നൽകുന്നതിന് അനുമതി നൽകി. തുടർചെലവുകൾ വനം വികസന ഏജൻസി വഹിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 137/ഡി.എ1/15/തസ്വഭവ)**

ഭിന്നശേഷിയുള്ളവരുടെയും പട്ടികജാതി പട്ടികവർഗ വിഭാഗത്തിന്റെയും സബ്സിഡി നിലവിലുള്ള മാർഗരേഖപ്രകാരം തുടരുന്നതിന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 കളമശ്ശേരി മുനിസിപ്പാലിറ്റി (ഫയൽ നം. 8/ഡി.ബി.2/15/തസ്വഭവ)**

പട്ടികജാതി വിഭാഗക്കാർക്കായി നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സിൽ ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി അനുവദിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുകയും ടി പദ്ധതിക്കായി ചെലവഴിച്ച മുഴുവൻ തുകയും തനത് ഫണ്ടിൽ നിന്നും എസ്.സി.പി. ഫണ്ടിലേയ്ക്ക് അടവാക്കിയതിനുശേഷം വാടകയ്ക്ക് നൽകാമെന്നും അല്ലെങ്കിൽ എസ്.സി.ഗുണഭോക്താക്കൾക്ക് മാത്രം ഉപയോഗിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 എറണാകുളം ജില്ലാ പഞ്ചായത്ത് (ഫയൽ നം. 88/ഡി.ബി3/15/തസ്വഭവ)**

എസ്.സി.പി., റ്റി.എസ്.പി. ജനറൽ ഫണ്ടുകളിൽ നിന്നും ലഭ്യമായ വിഹിതം ഉപയോഗപ്പെടുത്തി ഏറ്റെടുക്കാൻ നിർദ്ദേശിച്ച 2 പദ്ധതികളും ഏറ്റെടുക്കേണ്ടതില്ലെന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം ഉച്ചയ്ക്ക് 1 മണിക്ക് അവസാനിച്ചു.)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 23.09.2015-ന് രാവിലെ 8 മണിക്ക് ബഹു മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതാണ്.**